LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ നടപടി

32 [5669] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ മാങ്കോട് രാധാകൃഷ്ണൻ:
„ പി. നാരായണൻ:
„ എൻ. രാജൻ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിലും പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമി ഏതൊക്കെ ക്ലബ്ബുകൾക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തലസ്ഥാനത്ത് പാട്ടത്തിന് സ്ഥലം ഏറ്റെടുത്തിട്ടുള്ള ഗോൾഫ് ക്ലബ്ബ്, ട്രിവാൻഡ്രം ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകളുടെ പ്രവർത്തനം എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ ക്ലബ്ബുകൾക്ക് ഓരോന്നിനും നൽകിയ ഭൂമി എത്ര വീതമാണെന്നും അവർ അടയ്ക്കുന്ന പാട്ടത്തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ; പാട്ടത്തുക ഈ സ്ഥാപനങ്ങൾ കൃത്യമായി അടയ്ക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) 2001-2002, 2002-2003 വർഷങ്ങളിൽ ഈ ഇനത്തിൽ ക്ലബ്ബുകളിൽ നിന്ന് പിരിഞ്ഞു കിട്ടിയ തുകയെത്ര;

(ഇ) സർക്കാരിൽ നിന്ന് പാട്ടത്തിനെടുത്തിട്ടുള്ള സ്ഥലവും കെട്ടിടങ്ങളും ക്ലബ്ബുകൾക്ക് മറ്റേതെങ്കിലും ആവശ്യത്തിന് വാടകയ്ക്ക് കൊടുക്കുന്നതിനുള്ള അവകാശമുണ്ടോ; ഈ വിധത്തിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള ഏതെങ്കിലും ക്ലബ്ബുകൾക്ക് എതിരായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റം

33 [5670] ശ്രീ. യു. സി. രാമൻ:
„ സി. ടി. അഹമ്മദ് അലി:
„ സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റേയും പഞ്ചായത്തിന്റേയും മറ്റ് പല ഏജൻസിയുടേയും ഉടമസ്ഥതയിലുള്ള ഭൂമി പലയിടങ്ങളിലും കൈയ്യേറ്റം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പുറംപോക്കുഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കെട്ടി സംരക്ഷിക്കാൻ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഭൂമി കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടി ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

കോവളത്തുള്ള ഐ. ടി. ഡി. സി. ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലം സ്വകാര്യ വ്യക്തിക്ക് കൈമാറിയ നടപടി

34 [5671] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഡി. സി.-യുടെ കോവളത്തുള്ള ഹോട്ടൽ സ്ഥാപിക്കുന്നതിനുള്ള ഭൂമി സംസ്ഥാന ഗവൺമെന്റ് സൗജന്യമായി നൽകിയതാണോ;

(ബി) എത്ര ഹെക്ടർ ഭൂമിയാണ് ആയതിന് വേണ്ടി നൽകിയത്;

(സി) പ്രസ്തുത ഹോട്ടൽ സ്വകാര്യവൽക്കരിച്ചപ്പോൾ അതിന്റെ ഭൂമിയും സ്വകാര്യ വ്യക്തിക്ക് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഭൂമിക്ക് എന്ത് വിലയാണ് നിശ്ചയിച്ചത്;

(ഇ) പ്രസ്തുത തുക സംസ്ഥാന ഗവൺമെന്റിന് ലഭിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly